PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session—1964.

Monday, the 24th February 1964.

Vol. XVIII] OFFICIAL REPORT [No. 11

LIBRARY ARCHIVES Kerala Legislative Assembly

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Monday, the 24th February 1964 with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day)

ORAL ANSWERS.

ഫയർ സ്റ്റീസ് പരിശീലന പ്രകടനം.

* 341. [1] ശ്രീ. സി. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) തിരുവനന്തപുരത്തു നടന്ന ഫയർ സ്റ്റീസ് പരിശീലന പ്രകടനത്തിൽ ആർക്കെങ്കിലും ജീവഹാനി സംഭവിച്ചിട്ടുണ്ടോ ;

(ബി) എത്രപേർക്ക് ;

(സി) ഈ അപകടം ഉണ്ടായതിന്റെ സാഹചര്യത്തെപ്പറ്റി ഗവണ്മെന്റ് അന്വേഷണം നടത്തിയോ ;

(ഡി) അന്വേഷണഫലമെന്ത് ;

(ഇ) അതിനുത്തരവാദികളായവരുടെ മേൽ കർശനമായ നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ, ബി) ഹോംഗാർഡുദിനത്തോടനുബന്ധിച്ചു നടത്തിയ പ്രകടനത്തിൽ ഒരാൾക്കു് ജീവാപായം സംഭവിച്ചിട്ടുണ്ടു്.

(സി, ഡി ആൻഡ് ഇ) അന്വേഷണം നടത്തി ; അന്വേഷണ റിപ്പോർട്ടു ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണു്.

മി. സ്പീക്കർ : 16–ാമത്തെ ചോദ്യത്തിനുകൂടി ഉത്തരം പറയാം.

ഹോംഗാർഡ് ദിനാചരണത്തിൽ റസാക്കിന്റെ മരണത്തിനിടയായ സംഭവം.

* 342. [16] ശ്രീ. കെ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ ഹോംഗാർഡ് ദിനാചരണത്തിൽ അഗ്നിക്കിരയായി മൃതിയടഞ്ഞ അബ്ദുൾ റസാക്കിന്റെ കുടുംബത്തിനു ഇതുവരെയായി നൽകിയിട്ടുള്ള സഹായധനത്തിന്റെ വിവരം വെളിപ്പെടുത്തുമോ ;

(ബി) റസാക്കിന്റെ മരണത്തിനിടയായ സംഭവത്തെക്കുറിച്ചു് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിവരം വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) ;

(എ) അബ്ദുൾ റസാക്കിന്റെ വിധവയ്ക്കു 3,000 രൂപ എക്സ് ഗ്രേഷ്യാ ഗ്രാന്റു അനുവദിച്ചു. അതിനുശേഷം, വക്കു മെൻസും കാമ്പൻസേഷൻ ആക്ടറനുസരിച്ചു്, കാമ്പൻസേഷനു് അർഹതയുണ്ടെന്നു കാണുകയാണെങ്കിൽ, കാമ്പൻസേഷൻ നൽകുന്നതിനുവേണ്ടി 7,000 രൂപ വർക്കുമെൻസു് കാമ്പൻസേഷൻ കമ്മിഷണരെ ഏല്പിക്കാൻ അനുവാദം നൽകിയിട്ടുണ്ടു്. വക്കുമെൻസു് കാമ്പൻസേഷൻ ആക്ടറു് അനുസരിച്ചു് കൊടുക്കാവുന്ന തുക തിട്ടപ്പെടുത്തുന്നതുവരെ എക്സ്ഗ്രേഷ്യാ ഗ്രാന്റു് നിറുത്തിവച്ചിരിക്കുകയാണു്. ഇതിനുപുറമേ ഹോംഗാർഡ്സു് സംഘടനയും, ഫയർഫോഴ്സു് സംഘടനയുംചേർന്നു താഴെ പറയുന്ന സഹായങ്ങളും നൽകിയിട്ടുണ്ടു് :

(1) മരണാനന്തരമുള്ള ചെലവുകൾക്കായി 275 രൂപ നൽകി.

(2) 3–11–1963–ൽ 1,001 രൂപ അബ്ദുൾ റസാക്കിന്റെ വിധവയ്ക്കു നൽകി.

(3) 5,000 രൂപയുടെ എൻഡോവ്മെൻറു പൂർത്തിയാക്കുന്നതുവരെ പ്രതിമാസം 50 രൂപ വീതം അബ്ദുൾ റസാക്കിന്റെ വിധവയ്ക്കു നൽകുന്നതാണു്,

(ബി, സി) റസാക്കിന്റെ മരണത്തിനിടയായ സംഭവത്തെക്കുറിച്ചു് അന്വേഷിച്ചു റിപ്പോർട്ടുചെയ്യാൻ റവന്യൂ ബോർഡ് ഒന്നാം മെമ്പറെ ഗവണ്മെൻറു നിയോഗിക്കുകയും, അദ്ദേഹം ഈ മാസം 10-ാം തീയതി റിപ്പോർട്ടു സമർപ്പിക്കുകയും ചെയ്തിട്ടുണ്ടു്. പ്രസ്തുത റിപ്പോർട്ടു ഗവണ്മെൻറിന്റെ പരിഗണനയിലാണു്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : അങ്ങനെ ജീവാപായം നേരിട്ടതു് ഫയർ എൻജിൻ വേണ്ടതുപോലെ വർക്കുചെയ്യാതിരുന്നതുകൊണ്ടാണെന്നു പറയുന്നതു ശരിയാണോ ?

ശ്രീ. ആർ. ശങ്കർ : അന്വേഷണം നടത്തിയ ഉദ്യോഗസ്ഥൻ അതിന്റെ എല്ലാ വശങ്ങളെപ്പറ്റിയും അന്വേഷണം നടത്തി ഒരു റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടു്. ആ റിപ്പോർട്ടു ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുന്നതേയുള്ളൂ, അതിനെപ്പറ്റി ഇപ്പോൾ ഒന്നും പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly